ബ്ലോക്ക്, ഗ്രാമപഞ്ചായത്തുകൾ, കുടുംബശ്രീ മിഷൻ, ആശാ പ്രവർത്തകർ, മറ്റ് സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടെ ഗ്രാമപഞ്ചായത്ത് പ്രസിഡന്റിന്റേയും മെഡിക്കൽ ഓഫീസർമാരുടേയും നേതൃത്വത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. ജില്ലാതലത്തിൽ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിന് ജില്ലാ മെഡിക്കൽ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് ഗ്രേഡ്-2-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. മുക്കം-ഒളവെണ്ണ സി.എച്ച്.സി.യിലെ മുഴുവൻ ആരോഗ്യ പ്രവർത്തകരേയും ആഴ്ചയിൽ ഒരു ദിവസം രോഗബാധിത പ്രദേശത്ത് പ്രതിരോധ പ്രവർത്തനങ്ങൾക്ക് നിയമിച്ചിട്ടുണ്ട്.

(സി) ശുചീകരണ പ്രവർത്തനങ്ങൾക്കായി വിവിധ നഗരസഭകളിലെ കണ്ടിജന്റ് വിഭാഗത്തിലെ 5800 പേരെ നിയോഗിച്ചിട്ടുണ്ട്. മഴക്കാല പൂർവ്വ ശുചിത്വ ക്യാമ്പെയിൻ 2015 മാർഗ്ഗ നിർദ്ദേശങ്ങൾ സംബന്ധിച്ച് 23-4-2015-ലെ 178649/ഡി.സി.1/2015/ത.സ്വ.ഭ.വ. നമ്പരിൽ സർക്കാർ സർക്കുലർ പുറപ്പെടുവിക്കുകയും അതനുസരിച്ചുള്ള പ്രവർത്തനങ്ങൾ നടന്നുവരികയുമാണ്. നഗരസഭകളുടെ നേതൃത്വത്തിലും ശുചീകരണ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടന്നു വരുന്നു. തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെ കൂടാതെ ആരോഗ്യം, വിദ്യാഭ്യാസം ഉൾപ്പെടെയുള്ള വിവിധ സർക്കാർ വകുപ്പുകളുടെ ഏകോപനത്തോടെ രോഗപ്രതിരോധ പ്രവർത്തനങ്ങളും ആരോഗ്യ ശുചീകരണ പ്രവർത്തനങ്ങളും നടന്നുവരുന്നു. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, സന്നദ്ധ പ്രവർത്തകർ, സന്നദ്ധ സംഘടനകൾ, കുടുംബശ്രീ എന്നിവ ഉൾപ്പെടെയുള്ള വിഭാഗക്കാരുടെ സേവനം പ്രസ്തുത പ്രവർത്തനങ്ങൾക്ക് പ്രയോജനപ്പെടുത്തുന്നു.

കാരുണ്യ ഫാർമസികൾ

55 (720) <u>ശ്രീ. എ. എ. അസീസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെകീഴിൽ എത്ര കാരുണ്യ ഫാർമസികളാണ് പ്രവർത്തിക്കുന്നത് ;

(ബി) പുതുതായി എത്ര ഫാർമസികളാണ് തുടങ്ങാൻ ഉദ്ദേശിക്കുന്നത് ; ഏതെല്ലാം സ്ഥലങ്ങളിൽ ;

(സി) എല്ലാ താലൂക്ക് ആശുപത്രികളിലും കാരുണ്യ ഫാർമസി തുടങ്ങാനുള്ള നടപടികൾ സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിൽ നിലവിൽ 33 കാരുണ്യ ഫാർമസികളാണ് പ്രവർത്തിക്കുന്നത്.

(ബി) തൈക്കാട്, പെരുമ്പാവൂർ, നോർത്ത് പറവൂർ, വർക്കല, ചങ്ങനാശ്ശേരി എന്നീ അഞ്ച് സ്ഥലങ്ങളിൽ പുതുതായി കാരുണ്യ ഫാർമസി ആരംഭിക്കുവാനായി മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന് ഉത്തരവ് നൽകി. നടപടി പുരോഗമിച്ചു വരുന്നു.

(സി) സ്ഥലസൗകര്യവും സാമ്പത്തിക സ്ഥിതിയും ഉണ്ടാകുന്നമുറയ്ക്ക് കോർപ്പറേഷന്റെ മേൽനോട്ടത്തിൽ തുടർനടപടികൾ ആരംഭിക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ലാബുകളെ ശാസ്ത്രീയമായി പരിഷ്കരിക്കാൻ നടപടി

56 (721) ഡോ. കെ. ടി. ജലീൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാർക്കറ്റുകളിൽ ലഭ്യമാകുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും കീടനാശിനികളുടെ അളവ് ക്രമാതീതമായതിനാൽ ജനങ്ങൾക്ക് മാരകമായ രോഗങ്ങൾ ഉണ്ടാകുന്നത് ഗൗരവമായി കാണുന്നുണ്ടോ ;

(ബി) സർക്കാർ ലാബുകളിൽ ഭക്ഷണ പദാർത്ഥങ്ങളിലെ അഫ്ളാറ്റോക്സിൻ, കൃത്രിമ കളറുകൾ പ്രിസർവേറ്റീവ്സ് എന്നിവ കണ്ടുപിടിക്കുന്നതിനാവശ്യമായ ആധുനിക ഉപകരണങ്ങൾ ഇല്ലാത്തതിനാൽ സ്വകാര്യ ലാബുകളെ ആശ്രയിക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) എങ്കിൽ ആധുനിക സാങ്കേതികവിദ്യയിൽ വികസിപ്പിച്ചെടുത്ത നൂതന സാമഗ്രികൾ ഉൾപ്പെടുത്തി സർക്കാർ ലാബുകളെ ശാസ്ത്രീയമായി പരിഷ്കരിക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഭക്ഷ്യ സുരക്ഷാ വകുപ്പ് ഇത് സംബന്ധിച്ച് പഠനം നടത്തിയിട്ടില്ല

(ബി) സ്വകാര്യ അക്രഡിറ്റഡ് അനലറ്റിക്കൽ ലാബുകളിലൂടെയുള്ള പരിശോധനകൾ ഭക്ഷ്യ സുരക്ഷാ ഗുണനിലവാര നിയമപ്രകാരം അനുവദനീയമാണ്.

LIBRARY ARCHIVES Kerala Legislative Assembly